>> അനുസ്മരണം

## എ.പി അബ്ദുർറഹ്മാൻ



**കോഴിക്കോട്** സിറ്റി ഏരിയയിലെ പള്ളിക്കണ്ടി കാർകുൻ ഹൽഖ പ്രവർത്തകനായിരുന്ന എ.പി അബ്ദുർറഹ്മാൻ സാഹിബ് (69).

അറുപതുകളിൽ ജ്യേഷ്ഠൻ മുൻ എം.എൽ.എ സി.പി കുഞ്ഞുവിനോടൊത്ത് കമ്യൂണിസ്റ്റ് പാർട്ടിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കെ, കല്ലായി സ്റ്റഡി സർക്കിളിലൂടെ ഇസ്‌ലാമിക പ്രസ്ഥാനത്തെ പരിചയപ്പെട്ടു. പഴയ പ്രസ്ഥാന നേതാക്കളിൽ നിന്നും പ്രവർത്തകരിൽനിന്നും ലഭിച്ച ക്രമവും ചിട്ടയും ജീവിതത്തിലുടനീളം അദ്ദേഹം കാത്തുസൂക്ഷിച്ചു. കർമധാർമിക രംഗത്ത് കാണിച്ച സൂക്ഷ്മത ഇന്നത്തെ തലമുറക്ക് മാതൃകയാണ്.

ഭാര്യ ആഇശബി. മക്കൾ: റിയാസത്ത്, ഉദൈഫ, അനീസുദ്ദീൻ. മരുമക്കൾ: മുജീബുർറഹ്മാൻ, മുഹമ്മദ് നസീം (സോളിഡാരിറ്റി ജില്ലാ സമിതിയംഗം), നിഷാ ഫാത്വിമ.

**സി. മുഹമ്മദ് കോയ പാലാഴി**

## കെ.പി.ആർ കുഞ്ഞമ്മദ്



**പാലേരി** ഏരിയയിൽ ചെറിയ കുമ്പളം കാർകുൻ ഹൽഖാ നാസിമായിരുന്നു കെ.പി.ആർ കുഞ്ഞമ്മദ്(57). ഖത്തറിൽ രണ്ട് ദശാബ്ദക്കാലത്തിലധികം പ്രവാസിയായിരുന്നു. ചെറിയകുമ്പളം-ഖത്തർ മഹല്ല് അസോസിയേഷൻ പ്രവർത്തനങ്ങളിൽ ഭാഗഭാക്കായിരുന്നു. മദ്റസാ കമ്മിറ്റി പ്രസിഡന്റ്, ഖജാൻജി, മഹല്ല് കമ്മിറ്റിയംഗം എന്നീ നിലകളിലും സേവനമനുഷ്ഠിച്ചു. കുടുംബത്തെ പ്രസ്ഥാനത്തിന്റെ പാതയിലൂടെ വഴിനടത്തുന്നതിൽ അദ്ദേഹം വിജയിച്ചു.

**ഖാലിദ് ചെറിയകുമ്പളം**

## കെ.എ സെയ്തു



**തൃശൂർ** ജില്ലയിലെ എടവിലങ്ങ് കാർകുൻ ഹൽഖാ അംഗമായിരുന്ന കെ.എ സെയ്തു(68) എഴുപതുകളിലാണ് പ്രസ്ഥാനത്തിലേക്ക് കടന്നുവന്നത്. കുടുംബത്തെ പൂർണമായും പ്രസ്ഥാനത്തിലേക്ക് അടുപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. എസ്.ഐ.ഒ ജില്ലാ പ്രസിഡന്റ് കെ.എസ് നിസാർ, പെരുമ്പിലാവിലെ ഫുൾടൈം പ്രവർത്തകൻ നവാസ് ഉൾപ്പെടെ ആറു മക്കളുണ്ട്. സോളിഡാരിറ്റി എറണാകുളം ജില്ലാ സെക്രട്ടറി സൈനുദ്ദീൻ ജാമാതാവാണ്.

**കെ.എം ഷംസുദ്ദീൻ**

## മജു മുഹമ്മദ്

**കഴിഞ്ഞ** സെപ്റ്റംബർ 13-ന് സുഊദി അറേബ്യയിലെ ദൗമത്തുൽ ജൻദലിനടുത്ത് ശഖീഖയിലുണ്ടായ വാഹനാപകടത്തിൽ മരണപ്പെട്ട തൃശൂർ ജില്ലയിലെ ചാവക്കാടിനടുത്ത എടമുട്ടം സ്വദേശി മജു മുഹമ്മദ് (38) ഒരു പതിറ്റാണ്ടിലധികമായി ഇസ്‌ലാമിക പ്രവർത്തന രംഗത്ത് സജീവമായിരുന്നു. പ്രവാസികളിൽ പ്രയാസപ്പെടുന്നവരെ സഹായിക്കാൻ അദ്ദേഹം മുൻപന്തിയിലുണ്ടായിരുന്നു. ജനാസ നമസ്കാരത്തിനും മറ്റും ഒരുമിച്ചുകൂടിയ വിവിധ രാജ്യക്കാരായ ആളുകൾ, അദ്ദേഹം ജനങ്ങളിൽ നേടിയ സ്വാധീനത്തിന്റെ തെളിവാണ്. ഭാര്യയും ഒരു കുട്ടിയുമുണ്ട്.

**പി. മൊയ്തീൻ കോയ പള്ളിക്കൽ**